LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ജനിതക വൈകല്യസംബന്ധിയായ രോഗങ്ങൾക്ക് ചികിത്സതേടി ഐക്കോൺസിൽ വരുന്ന 18 വയസുവരെയുള്ള രോഗികൾക്ക് സർക്കാരിന്റെ ആരോഗ്യകിരണം/RBSK (രാഷ്ട്രീയ ബാല്യ സ്വസ്ഥികാര്യക്രം) പദ്ധതിയിൽ ഉൾപ്പെടുത്തി ചികിത്സ സൗജന്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഐക്കോൺസിന്റെ തിരുവനന്തപുരം സെന്ററിൽ ഒ.പി.ക്ലിനിക്കും വിവിധ തെറാപ്പി സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ഷൊർണ്ണൂർ സെന്ററിൽ ഒ.പി, ഐ.പി. സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. പുരുഷൻമാരുടെ വാർഡ്, സ്ത്രീകളുടെ വാർഡ്, കട്ടികളുടെ വാർഡ്. ജി.ഡി.ഡി. (Global Developmental Delay) എന്ന വിശേഷണത്തിൽപ്പെടുന്ന കുട്ടികൾക്കായുള്ള വാർഡ്, സ്ലോക്ക് വാർഡ്, ഐ.സി.യു. എന്നിവിടങ്ങളിലായി 50 പേരെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമുണ്ട്. ആധുനിക ഉപകരണങ്ങൾ അടങ്ങിയ ബയോകെമിസ്ട്രി ലാബും ജനിറ്റിക് ലാബും പ്ലാൻ ഫണ്ട് ഉപയോഗിച്ച് വാങ്ങിയ അതിനൂതന സി.ടി സ്കാനും ആധുനിക രീതിയിൽ നിർമ്മിച്ച 2 ഓപ്പറേഷൻ തിയേറ്ററുകളും രോഗികളുടെ പരിചരണത്തിനാവശ്യമായ മാനവശേഷി വികസനം ലക്ഷ്യമിട്ട് ബി.എ.എസ്.എൽ.പി., എം.എ.എസ്.എൽ.പി. എന്നീ പാരാമെഡിക്കൽ കോഴ്സുകളും ഷൊർണ്ണൂർ സെന്ററിൽ നടത്തിവരുന്നു.

ഐക്കോൺസിന്റെ തിരുവനന്തപുരം, ഷൊർണ്ണൂർ സെന്ററുകളിൽ ലഭ്യമാക്കിയിട്ടുള്ള ചികിത്സാ വിദഗ്ധർ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

തിരുവനന്തപുരം ജില്ലയിലെ സ്റ്റാഫ് നേഴ്സ് തസ്തികയിലേക്കുള്ള നിയമനം

107 (772) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ ആരോഗ്യവകുപ്പിൽ സ്റ്റാഫ് നേഴ്സ് തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെപ്പോഴാണ് ;

(ബി) ഈ തസ്തികയിൽ ഇതുവരെ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(സി) ഈ ലിസ്റ്റിൽനിന്നും ഇതുവരെ എത്ര പേർക്ക് നിയമനം നൽകി ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) നിലവിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) റിട്ടയർമെന്റ് ,ഉദ്യോഗക്കയറ്റം എന്നിവ മുഖേന എത്ര ഒഴിവുകൾ 2015 ജൂൺ 30-നകം ഉണ്ടാകും ; ഇവ റിപ്പോർട്ട് ചെയ്യുവാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 12-11-2013-ൽ ആണ് സ്റ്റാഫ് നേഴ്സ് തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നത്.

(ബി) ആരോഗ്യവകപ്പിൽനിന്ന് ഇതുവരെ 147 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഈ ലിസ്റ്റിൽനിന്നും ഇതുവരെ ആരോഗ്യവകപ്പിൽ 138 പേർക്ക് നിയമനം നൽകി.

(ഡി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാനായി ഒഴിവുകളൊന്നും നിലവിലില്ല.

(ഇ) ആരോഗ്യവകപ്പിൽ ഈ കാലയളവിൽ ഒഴിവുകൾ യാതൊന്നും ഇല്ല.

പുതുപൊന്നാനി ഗവൺമെന്റ് ആയുർവേദ ആശുപത്രി

108 (773) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നാനി മണ്ഡലത്തിലെ പുതുപൊന്നാനി ഗവൺമെന്റ് ആയുർവേദ ആശുപത്രിയിൽ മതിയായ ജീവനക്കാരില്ലാത്തതുമൂലം ആശുപത്രിയുടെ പ്രവർത്തനം ആകെ താളംതെറ്റി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എൻ.ആർ.എച്ച്.എം. സ്കീമിൽ നിയമിച്ചിരുന്നവരെ പിരിച്ചുവിട്ടതിനു ശേഷം പകരം ജീവനക്കാരെ നിയമിക്കാൻ കഴിയാത്ത അവസ്ഥ ഉണ്ടായത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(സി) ആവശ്യമുള്ള എണ്ണം തസ്തിക അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly